# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025 - 26

SKV LPS

വെങ്ങടമൂട്



# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | SKV LPS വെങ്കട്ടമൂട് |
| വിലാസം | : | SKV Lps വെങ്കട്ടമൂട് കാഞ്ഞിനട P.O |
| സ്കൂൾ കോഡ് | : | 42635 |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| വിദ്യാഭ്യാസ ഉപജില്ല | : | പാലോട് |
| സി. ആർ. സി. | : | തെങ്ങുംകോട് |
| ഗ്രാമ പഞ്ചായത്ത് | : | കല്ലറ |
| ബ്ലോക്ക് പഞ്ചായത്ത് | : | വാമനപുരം |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| നിയമ സഭാ മണ്ഡലം | : | വാമനപുരം |
| ലോക സഭാ മണ്ഡലം | : | ആറ്റിങ്ങൽ |
| താലൂക്ക് | : | നെടുമങ്ങാട് |
| വില്ലേജ് | : | കല്ലറ |
| ഇ-മെയിൽ | : | SKV Lps Venkattamoodu @ gmail.com |

# ആമുഖം

സമഗ്രഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പാക്കുന്ന പദ്ധതിയാണിത്. ഗുണ മേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾ തലത്തിൽ കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതിനായാണ് അക്കാദമിക മാസ്റ്റർ പ്ലാനുകൾ രൂപീകരിക്കുന്നത്.

കുട്ടികളുടെ പഠന നില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകുകയെന്നത് സമഗ്രഗുണമേന്മാ പദ്ധതിയുടെ അനിവാര്യ ഘടകമാണ്. ഓരോ കുട്ടിയുടെയും കഴിവുകളും പരിമിതികളും മനസ്സിലാക്കി അവർക്കാവശ്യമായ പിന്തുണ നൽകി ഓരോ കുട്ടിയെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് മുഖ്യ ലക്ഷ്യം.

# ലക്ഷ്യങ്ങൾ

* സമഗ്രഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പിലാക്കുക.
* വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും സ്കൂളിനെ അറിയാനും അന്യോന്യം അറിയാനും കഴിയണം.
* ക്ലാസ്സിനെയും സ്കൂൾ ക്യാമ്പസിനെയും എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താമെന്നും എങ്ങനെയാണ് ക്ലാസിലും സ്കൂളിലും പെരുമാറേണ്ടത് എന്നുമുള്ള പൊതുബോധം കുട്ടികളിൽ ഉളവാക്കുക.
* വിവിധ ഗതാഗത സംവിധാനങ്ങളെ കുറിച്ചും അവ ഉപയോഗിക്കുമ്പോൾ അനുവർത്തിക്കേണ്ട നിയമങ്ങളെ കുറിച്ചുമുള്ള വ്യക്തമായ ധാരണ കുട്ടികളിൽ ഉണ്ടാക്കുക.
* വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക.
* പൊതു ആരോഗ്യവുമായി ബന്ധപ്പെട്ട് പോഷണം ശുചിത്വം, വ്യായാമം, നല്ല ഉറക്കശീലം, മാനസിക ആരോഗ്യം, ആരോഗ്യ മര്യാദകൾ എന്നിവയെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.
* കുട്ടികളിലെ ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, വൈകാരിക നിയന്ത്രണം എന്നിവയെക്കുറിച്ച് അവബോധം നൽകൽ
* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്ന
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* 1, 2, ക്ലാസ്സുകളിൽ ഭാഷയിൽ അക്ഷരാവതരണ രീതിയിൽ

പ്രാധാന്യം കൊടുത്തുകൊണ്ട് വായനയിലും എഴുത്തിലും മികവുള്ളവരാക്കുക. 3-ാം ക്ലാസിൽ ഗണിതത്തിന് പ്രാധാന്യം നൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾ നൽകുന്നു. 4-ാം ക്ലാസിൽ English ഭാഷയ്ക്ക് പ്രാധാന്യം നൽകുന്നു.

* പഠനോപകരണ ശില്പശാല സംഘടിപ്പിക്കൽ.
* കാവ്യോത്സവം, റീഡേഴ്സ് തിയേറ്റർ.
* വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ ക്ലാസ് പ്രവർത്തനങ്ങൾക്ക് പുറമെ കലാകായിക പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനം ഒരുക്കുന്നു.
* വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരേ പോലെ പ്രാപ്യമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
* സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളി ഉപകരണങ്ങൾ, ഉദ്യാനം, മൈതാനം etc) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകല്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗ പ്രദമാക്കുന്നു.
* ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയോട് കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
* വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ

സംഘടിപ്പിക്കുന്നു.

* ഓരോ വിദ്യാർത്ഥിയെയും ഓരോ യൂണിറ്റായി കണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
* പാർശ്വവത്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# അവസ്ഥാ പഠനം

വിദ്യാലയത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി രൂപീകരിച്ച സമിതിയിൽ (PTA, MPTA, Trs, ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾ എന്നിവരെ ഉൾപ്പെടുത്തി.

കുട്ടികളുടെ പഠന നിലവാരം രേഖപ്പെടുത്തുന്നതിന് പഠന നിലവാര രേഖ Teaching Manual, നിരീക്ഷണം, കുട്ടികളുടെ പ്രകടനം, ചോദ്യാവലി എന്നിവ ഉപയോഗിക്കാം.

മികവാർന്ന പഠനത്തിന് അനുയോജ്യവും ആകർഷകവുമായ വിധത്തിലുള്ള ഭൗതിക സാഹചര്യവും സാമൂഹിക പിന്തുണയും ഉറപ്പു വരുത്തുന്നു.

മേഖല : നല്ല വായന നല്ലെഴുത്ത്.

ലക്ഷ്യം : സ്കൂളിലെ മുഴുവൻ കുട്ടികളെയും നല്ല വായനക്കാരും എഴുത്തുകാരുമാക്കി മാറ്റുക.

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല |
| --- | --- | --- | --- |
| വായന സാമഗ്രികൾ ഒരുക്കുക വികസിപ്പിക്കുക. | • എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജമാക്കൽ<br>• വായന കാർഡുകൾ ഓരോ ക്ലാസിലും അനുയോജ്യമായ വായന കാർഡുകൾ നിർമ്മിക്കൽ<br>* ആദ്യ സിപിടിഎയിൽ ചർച്ച ചെയ്യുന്നു. ശിൽപ ശാലകൾ സംഘടിപ്പിച്ച് മാതൃകകൾ കാണിച്ച് രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ എല്ലാ ക്ലാസിലും വായന കാർഡുകൾ തയ്യാറാക്കുന്നു. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ |
| സ്കൂൾ ലൈബ്രറി | • ജൂൺ ആദ്യവാരത്തിൽ സ്കൂൾ ലൈബ്രറി നവീകരിക്കൽ, രജിസ്റ്ററിൽ പുസ്തകങ്ങളെ ക്ലാസ് തലത്തിൽ തരംതിരിച്ച് നൽകൽ, ക്ലാസ് രജിസ്റ്റർ സൂക്ഷിക്കൽ, ക്ലാസ് ലൈബ്രറിയുടെ സജീവ പ്രവർത്തനം ഉറപ്പാക്കൽ. | ജൂൺ | ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| | ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ കുട്ടികൾക്ക് എല്ലാ ആഴ്ചയിലും നൽകുന്നു. വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പുകൾ, ആസ്വാദന കുറിപ്പുകൾ തയ്യാറാക്കുന്നു. | | | |
| | • വായനാക്കൂട്ടം എല്ലാ ക്ലാസുകളിലും 5 കുട്ടികൾ വീതമുള്ള ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. ഇവർക്ക് വായനാകാർഡുകൾ നൽകുന്നു. അത് പോലെ പുസ്തക വായനയും നൽകുന്നു. വായനാക്കൂട്ടത്തിലെ ലീഡറുടെ നേതൃത്വത്തിൽ എല്ലാ ക്ലാസുകളിലും വായനകൾ നടക്കുന്നു. എല്ലാ മാസത്തിലും ലീഡർമാർ വിലയിരുത്തൽ നടത്തുന്നു. | ജൂലൈ | | |
| | • കാർഡ് വായന (1, 2 ക്ലാസുകൾ) വായനാക്കൂട്ടം ലീഡറുടെ നേതൃത്വത്തിൽ കുട്ടികൾ ഒരു വായനാകാർഡ് വായിക്കുന്നു. ഗ്രൂപ്പിൽ ലീഡർ വിലയിരുത്തുന്നു. എല്ലാ മാസത്തിലും മികച്ച വായനക്കാരെ കണ്ടെത്തി അനുമോദിക്കൽ. | ജൂലൈ | | |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക. | • വായനാക്കുറിപ്പ് മത്സരം, ആസ്വാദന കുറിപ്പ് മത്സരം എന്നിവ ടേമിൽ ഒരു തവണ സ്കൂൾ തലത്തിൽ നടത്തൽ. വിജയികൾക്ക് സമ്മാനം നൽകൽ | സെപ്റ്റംബർ | ക്ലാസ് ടീച്ചർ SRG കൺവീനർ | |

| | | | |
|---|---|---|---|
| | • എല്ലാ ക്ലാസുകളിലും 5 കുട്ടികൾ വീതമുള്ള എഴുത്തുകൂട്ടം രൂപീകരിക്കണം. വ്യക്തിഗത രചന, ഗ്രൂപ്പ് രചന എന്നിവ ലീഡറിന്റെ നേതൃത്വത്തിൽ നടക്കുന്നു. | ജൂലൈ - മാർച്ച് | |
| | • കഥ, കവിത, ~~[illegible]~~ ഗ്രന്ഥപരിചയക്കുറിപ്പ്, വായനാക്കുറിപ്പ് എന്നിങ്ങനെ വ്യത്യസ്ത വ്യവഹാര രൂപങ്ങളുമായി ബന്ധപ്പെട്ട് രചനാ മത്സരങ്ങൾ ശിൽപശാലയായി നടത്തുന്നു. | സെപ്റ്റംബർ - ഫെബ്രുവരി | |
| | • പരിചയക്കുറിപ്പ് എഴുതൽ. | | |
| | • കയ്യെഴുത്ത് മാസിക - ക്ലാസ് തലത്തിൽ രൂപപ്പെടുന്ന മികച്ച സൃഷ്ടികൾ എഴുത്തുകൂട്ടം ശിൽപശാലയിൽ രൂപപ്പെട്ട മികച്ച സൃഷ്ടികൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ട് കയ്യെഴുത്തു മാസിക പ്രകാശനം ചെയ്യുന്നു. | സെപ്റ്റംബർ | |
| | * മലയാളം മധുരം എന്ന പ്രവർത്തനം കുട്ടിയും രക്ഷിതാവും ചേർന്ന് വായന ആരംഭിക്കുന്നു. തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | |
| | * രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചന നടത്തുന്നു. കുട്ടികളുടെ രചനകൾ ഉൾപ്പെ- | | |

| | | | |
|---|---|---|---|
| | ടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.<br>* [illegible] ഡയറി സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.<br>* ക്ലാസ് പത്രം | | |
| അടിസ്ഥാന ഭാഷാ ശേഷി ഉറപ്പിക്കുക. | • ഭാഷാ ക്യാമ്പ് - പ്രീ ടെസ്റ്റ് ജൂൺ ആദ്യ ആഴ്ച നടത്തുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾ, മേഖലകൾ എന്നിവ തിരിച്ചറിയുന്നു. രക്ഷിതാക്കളുടെ യോഗം വിളിച്ച് പിന്നോക്ക മേഖല ബോധ്യപ്പെടുത്തുന്നു. ഇത്തരം കുട്ടികൾക്കായ് പ്രത്യേക പ്രവർത്തനങ്ങൾ നടത്തുന്നു. അക്ഷരം ഉറപ്പിക്കൽ, അടയാളങ്ങൾ ഉറപ്പിക്കൽ. അക്ഷര കാർഡുകൾ, പദ കാർഡുകൾ, ചിത്രങ്ങൾ, CD പ്രദർശനം എന്നിവ ഉൾപ്പെടുത്തി പാഠഭാഗങ്ങൾ അനുരൂപീകരണം ചെയ്യുന്നു. ക്ലാസിൽ അത് ഫലപ്രദമായി നടപ്പിലാക്കുന്നു.<br>* 1, 2 ക്ലാസുകൾ മുഴുവൻ കുട്ടികളും റീഡർ തിയേറ്റർ പ്രവർത്തനങ്ങളിൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

ഏർപ്പെടുന്നു. മികച്ച വായനക്കാരായി മാറുന്നു.

* ഭാഷോത്സവം
* രചനോത്സവം
* സർഗോത്സവം
* കാവ്യോത്സവം

## മേഖല : ഗണിത പഠനം ലളിതമാക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല |
| --- | --- | --- | --- |
| അടിസ്ഥാന ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പ് വരുത്തുന്നു. | • ജൂൺ ആദ്യവാരം 2,3,4 ക്ലാസുകളിൽ ഗണിതം പ്രീടെസ്റ്റ് നടത്തുന്നു. അടിസ്ഥാന ശേഷികൾ നേടാത്ത കുട്ടികൾക്കായി ഗണിത ക്ലബ്ബ് സംഘടിപ്പിക്കുന്നു. സംഖ്യ ബോധം, സങ്കലനം, വ്യവകലനം, ഗുണന മേഖലകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പാഠഭാഗങ്ങളോടൊപ്പം കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| ഗണിത പഠനം ലളിതമാക്കൽ. | • ഗണിത ലാബ് ഒരുക്കുന്നതിന് ആവശ്യമായ ഒരു വർക്ക്ഷോപ്പ് ജൂണിൽ റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ നടത്തുന്നു. ഓരോ ക്ലാസിനും ഉചിതമായ പഠന സാമഗ്രികൾ അമ്മമാരുടെ സഹായത്തോടെ ക്ലാസിൽ നിർമ്മിക്കുന്നു. എല്ലാ ക്ലാസിലും ലളിതമായ ഗണിത ലാബ് ഒരുക്കുന്നു. | ജൂൺ | SRG കൺവീനർ |

## മേഖല : ഗണിത പഠനം ലളിതമാക്കൽ.

| ഉപ ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പ് വരുത്തുന്നു. | • ജൂൺ ആദ്യവാരം 2,3,4 ക്ലാസുകളിൽ ഗണിതം പ്രീടെസ്റ്റ് നടത്തുന്നു. അടിസ്ഥാന ശേഷികൾ നേടാത്ത കുട്ടികൾക്കായ് ഗണിത ക്യാമ്പ് സംഘടിപ്പിക്കുന്നു. സംഖ്യാബോധം, സങ്കലനം, വ്യവകലനം, ഗുണന മേഖലകൾ ഉറപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ പാഠഭാഗങ്ങളോടൊപ്പം കുട്ടികൾക്ക് ഊന്നൽ നൽകിക്കൊണ്ട് നൽകുന്നു. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ |
| ഗണിത പഠനം ലഘൂകരിക്കൽ. | • ഗണിത ലാബ് ആവിഷ്കരിക്കുന്നതിന് ആവശ്യമായ ഒരു വർക്ക്ഷോപ്പ് ജൂണിൽ റിസോഴ്സ് പേഴ്സണൽ സഹായത്തോടെ നടത്തുന്നു. ഓരോ ക്ലാസിനും ഉചിതമായ പഠന സാമഗ്രികൾ അമ്മമാരുടെ സഹായത്തോടെ ക്യാമ്പിൽ നിർമ്മിക്കുന്നു. എല്ലാ ക്ലാസിലും ലളിതമായ ഗണിത ലാബ് ഒരുക്കുന്നു. | ജൂൺ | SRG കൺവീനർ |

| | | | |
|---|---|---|---|
| ഗണിത പഠനത്തി- ൽ താൽപര്യം വർദ്ധിപ്പിക്കുന്നതിന് | • ഗണിത ക്ലബ്ബ് - എല്ലാ ക്ലാസിൽ നിന്നും കുട്ടികളെ ഉൾപ്പെടുത്തി ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. സംഖ്യാചാർട്ടുകൾ [illegible], സംഖ്യയും ചിഹ്നവും, [illegible] കുസൃതി കണക്കുകൾ എന്നി പ്രവർത്ത- നങ്ങൾ നൽകുന്നു.<br>• കണക്കുപെട്ടിയുടെ രൂപീകരണം. | [illegible] | ക്ലബ്ബ് കൺവീനർ |

## മേഖല : ഇംഗ്ലീഷ് ഭാഷാശേഷി വികാസം

| ഉദ്ദേശ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാൻ ഉതകുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷത്തെ മാറ്റിയെടുക്കൽ | • വിദ്യാലയത്തിനകത്തും പുറത്തും എല്ലാസ്ഥലങ്ങളിലും ഇംഗ്ലീഷ് ലേബൽ പതിപ്പിക്കുന്നു. (ടോയ്‌ലറ്റ്, ഭക്ഷണശാല, ഓഫീസ് റൂം, ക്ലാസ് റൂം) | ജൂൺ | ക്ലാസ് ടീച്ചർ |
| | • എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ പേര് എഴുതിയ ഐഡന്റിറ്റി കാർഡുകൾ നിർമ്മിക്കൽ. | ജൂൺ | PTA |
| | • 2, 3, 4 ക്ലാസുകളിൽ ഇംഗ്ലീഷ് പ്രീ ടെസ്റ്റ് നടത്തുന്നു. | | |
| ഇംഗ്ലീഷ് സ്വതന്ത്രമായി ആശയവിനിമയം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കൽ. | * പദസഞ്ചയൻ<br>* കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ.<br>* ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ ആചരിക്കുന്നു. | | |

| | | | |
|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി ഉറപ്പിക്കുക. തെറ്റുകൂടാതെ ഇംഗ്ലീഷ് വായിക്കാനും എഴുതാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ | • ഇംഗ്ലീഷ് നിഘണ്ടു നിർമ്മാണം (2,3,4 ക്ലാസുകൾ) പാഠഭാഗങ്ങളിൽ വരുന്ന വാക്കുകൾ നിഘണ്ടു രൂപത്തിൽ ക്രമീകരിച്ച് എഴുതുന്നു. | | |
| | • വായനാ കാർഡുകൾ, അക്ഷര കാർഡുകൾ, പദ കാർഡുകൾ, വാക്യങ്ങൾ ലഘുവിവരണം എന്നിങ്ങനെ വിവിധ നിലവാരത്തിലുള്ള വായനാ കാർഡുകൾ ലഭ്യമാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| | • ഇംഗ്ലീഷ് പുസ്തകങ്ങൾ വായനക്കായ് നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| | • കയ്യെഴുത്തു മാസികയുടെ രൂപീകരണം<br>• ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. അസംബ്ലിയിൽ പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ വായന, ഇന്നത്തെ ചിന്താവിഷയം എന്നിവ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. |
| | • ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം. Language games, Puzzles, Riddles എന്നിവ നൽകുന്നു. | | |

## മേഖല : അറബിക് ഭാഷാശേഷി വികാസം

| ഉദ്ദേശ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്ത് രൂപങ്ങളിലെ വ്യത്യാസങ്ങൾ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജ്ജിക്കൽ | * അക്ഷരങ്ങളുടെ രൂപവ്യത്യാസം ശ്രദ്ധിക്കാൻ കഴിയാത്ത കുട്ടികളെ പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തിക്കൊണ്ടുവരും. ഓരോന്നും തയ്യാറാക്കിയ അറബി അക്ഷര പഠന സഹായി ഉപയോഗിക്കും. കൂടാതെ അക്ഷര കാർഡുകൾ ഐസിടി ഉപയോഗിച്ചുള്ള വിവിധ ഗെയിമുകൾ തുടങ്ങിയവയും ഉപയോഗിക്കും. അധ്യയന വർഷം മൂന്ന് മാസം അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക. പുതിയ പദങ്ങൾ പരിചയപ്പെടൽ പാഠപുസ്തകങ്ങളിൽ ഉള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ സാഹചര്യം ഒരുക്കുന്നു. ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും മത്സര ബോധത്തോടെ കുട്ടികൾ പങ്കാളികളാകുകയും ചെയ്യുന്നു. | ജൂൺ - മാർച്ച് | അറബി ഭാഷാ അധ്യാപകർ |

| | | | |
|---|---|---|---|
| * അറബി ഭാഷ പഠനത്തിൽ സാധ്യത ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | * ICT സാധ്യത പരമാവധി ഉപയോഗപ്പെടുത്തുന്നു. | | |

| | | | |
|---|---|---|---|
| * അറബിയിലുള്ള ചെറിയ കഥകൾ ഉപന്യാസങ്ങൾ തുടങ്ങിയവ മനസ്സിലാക്കുക. | * പാഠപുസ്തകത്തിൽ നിന്നും മറ്റു പുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്നു. | ജൂൺ - മാർച്ച് | അറബി ഭാഷാ അധ്യാപകർ |
| * ഭാഷാജ്ഞാനവും, വായന താൽപര്യവും പൊതുവിജ്ഞാനം തുടങ്ങിയവ വർധിപ്പിക്കാൻ. | * വായന മത്സരം, ക്വിസ് മത്സരങ്ങൾ (പൊതുവിജ്ഞാനം അറബി ഭാഷാ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി) അറബിയിലും മാതൃഭാഷയിലുമുള്ള ലളിതമായ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | അറബി ഭാഷാധ്യാപകർ |
| * അറബി ഭാഷാവിനിമയ ശേഷി വർധിപ്പിക്കാൻ. | * അറബി കലോത്സവത്തിലെ അറബി ഭാഷയുമായി ചേർന്നുള്ള ബന്ധമുള്ള പദനിർമാണം, കഥ പറയൽ, ക്വിസ് തുടങ്ങിയ മത്സര പരിശീലനത്തിലൂടെയുള്ള പ്രവർത്തനം. | | |
| * വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ കുട്ടികളുടെ സർഗാത്മക ശേഷി വർധിപ്പിക്കാൻ. | * ഓരോ ദിനാചരണത്തിന്റെ ഭാഗമായി പ്ലക്കാർഡ്, ചാർട്ട് നിർമാണം പോലുള്ള പ്രവർത്തനങ്ങൾക്ക് സാഹചര്യം ഒരുക്കുന്നു. | | |

## മേഖല : പരിസര പഠനം രസകരമാക്കാൻ

| ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| • പരിസര പഠന നിലവാരം ഉയർത്തുന്നതിന്.<br>• പാരിസ്ഥിതിക അവബോധം വളർത്തുന്നതിന്.<br>• ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നതിന്.<br>• ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നതിന്. | • പ്രകൃതി നിരീക്ഷണം.<br>• ക്ലബ്ബുകളുടെ രൂപീകരണവും പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>• ചാന്ദ്ര ദിനാചരണം.<br>• റോഡ് സുരക്ഷാ ബോധവത്കരണം.<br>• പ്രകൃതി പഠനയാത്ര.<br>• ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്<br>• കുടി വെള്ള പരിശോധന.<br>• സയൻസ് കോർണർ സജ്ജമാക്കൽ<br>• ശാസ്ത്ര പ്രദർശനം. | ജൂൺ<br><br>സെപ്തംബർ<br>ഒക്ടോബർ<br>ഡിസംബർ | ക്ലാസ് ടീച്ചർ<br><br>SRG കൺവീനർ |

## മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

| ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * എല്ലാ കുട്ടികൾക്കും കായിക ക്ഷമത ഉറപ്പുവരുത്തുക.<br>* ആരോഗ്യ ശീലങ്ങൾ വളർത്തുക.<br>* ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ എല്ലാ കുട്ടികൾക്കും അവസരം നൽകാൻ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ | * നാടൻ കളികൾ പരിചയപ്പെടുത്തൽ, കളിക്കാൻ അവസരം നൽകൽ.<br>* കായിക പരിശീലനം നൽകൽ<br>* കായിക ഉപകരണങ്ങൾ പരിചയപ്പെടൽ<br>* ആരോഗ്യ ബോധവൽക്കരണം. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ |

## മേഖല : കലാപഠനം പ്രവൃത്തിപരിചയം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * വിവിധ കലകളെക്കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണം നൽകുക.<br>* പഠിതാവിന്റെ സൈസർഗിക കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.<br>* അഭിരുചിക്ക് അനുസരിച്ച് കലകൾ അഭ്യസിക്കാൻ അവസരം നൽകുക. | * വിവിധ കലകളിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തൽ.<br>* സർഗ്ഗ വേളകളിൽ അവതരിപ്പിക്കാൻ അവസരം നൽകൽ.<br>* ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാൻ അവസരം നൽകൽ.<br>* PTA തുടങ്ങി അവതരണത്തിന് വേദികൾ നൽകൽ.<br>* കലാരൂപങ്ങളുടെ വീഡിയോ പ്രദർശനം.<br>* പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള ഉൽപന്നങ്ങളുടെ നിർമ്മാണം. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| * കലകൾ ഉപയോഗപ്പെടുത്തി മറ്റു വിഷയങ്ങളുടെ പഠനം ഫലപ്രദമാക്കുക. | * കലാകാരന്മാരുടെ പ്രത്യേക ക്ലാസുകൾ<br>* പ്രവർത്തി പരിചയ മേള നടത്തൽ | സെപ്തംബർ | SRG കൺവീനർ |

| | | | |
|---|---|---|---|
| | * പാവ നിർമ്മാണവും പാവ നാടകവും.<br>പേപ്പർ ബാഗുകൾ നിർമ്മാണം, പ്രദർശനം, വിതരണം.<br>• കേരള കലാമണ്ഡലം, പ്രദർശന മേളകൾ, ശാസ്ത്ര മേളകൾ, ചുവർ ചിത്രശാലകൾ, കൈത്തറി നിർമ്മാണശാലകൾ, കളിമൺ പാത്ര നിർമ്മാണശാലകൾ, ഓട് ഫാക്ടറികൾ തുടങ്ങിയതിൽ സന്ദർശനം.<br>* പാട്ട് അരങ്ങ്. താളം മനസ്സിലാക്കി പാഠഭാഗങ്ങളും മറ്റു സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. കുട്ടി കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു. ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു | ഡിസംബർ | SRG കൺവീനർ |

# മേഖല : കമ്പ്യൂട്ടർ പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും പരസ്പരം ബന്ധിപ്പിച്ച് പ്രവർത്തിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന്.<br>• അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന്.<br>• കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ ആവശ്യമായ അടിസ്ഥാന ധാരണകളും ശേഷികളും കൈവരിക്കുന്നതിന്. | * ഡിജിറ്റൽ മാഗസിൻ നിർമ്മാണം.<br>* കമ്പ്യൂട്ടറിന്റെ അനുബന്ധ ഉപകരണങ്ങൾ പരസ്പരം ബന്ധിപ്പിച്ച് പ്രവർത്തിപ്പിക്കാൻ പരിശീലനം നൽകൽ.<br>* കമ്പ്യൂട്ടറിന്റെ അനുബന്ധ ഉപകരണങ്ങൾ പരിചയപ്പെടുത്തൽ.<br>• ടൈപ്പിംഗ്, ഫോൾഡർ നിർമ്മാണം ചിത്രം വരയ്ക്കൽ തുടങ്ങിയ അടിസ്ഥാന ശേഷികളിൽ പരിശീലനം.<br>* ക്ലാസ് പ്രവർത്തനങ്ങൾ [illegible] പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തൽ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

## മേഖല : ശുചിത്വം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * കുട്ടികളിൽ ശുചിത്വ ബോധം വളർത്താൻ.<br>* ശുചീകരണ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ<br>* വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം കുട്ടികളിൽ അവബോധം വളർത്താൻ.<br>* പകർച്ച വ്യാധികൾ തടയുന്നതിന് ശുചിത്വത്തിന്റെ പങ്ക് കുട്ടികളിൽ അവബോധം വളർത്താൻ. | • ക്ലോറിനേഷൻ പ്രവർത്തനങ്ങൾ<br>• വാട്ടർ ടാങ്ക് ക്ലീനിങ്<br>• ക്ലാസ് റൂമും സ്കൂൾ പരിസരവും വൃത്തിയാക്കൽ<br>• ഡ്രൈ ഡേ<br>• വ്യക്തി ശുചിത്വ ക്ലാസ്സുകൾ<br>• ആരോഗ്യ ബോധവൽക്കരണ ക്ലാസ്<br>• രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ<br>• ലഹരി വിരുദ്ധ ബോധവൽക്കരണം<br>• വീഡിയോ പ്രദർശനം.<br>• വാക്സിനേഷൻ പ്രവർത്തനങ്ങൾ. | ജൂൺ-മാർച്ച് | HM<br>ക്ലാസ് ടീച്ചർ<br>SRG കൺവീനർ |

## മേഖല : നേതൃത്വശേഷി വളർത്തൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| • ഓരോ വിദ്യാർത്ഥിയും അവരുടെ അഭിരുചിക്ക് അനുസൃതമായ സ്കൂൾ ക്ലബ്ബുകളിൽ അംഗങ്ങളാവാനും പ്രവർത്തിക്കാനും പ്രോത്സാഹിപ്പിക്കുന്നു.<br>• കുട്ടികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാനും പ്രദർശിപ്പിക്കുന്നതിനും അവസരം നൽകുക.<br>• സ്കൂളിലെ ക്ലബ്ബുകളിൽ ആൺകുട്ടികളും പെൺകുട്ടികൾക്കും പങ്കാളിത്തത്തിൽ തുല്യ അവസരങ്ങൾ നൽകുക. | * സ്കൂൾ തലത്തിൽ വിവിധ ക്ലബ്ബുകൾ രൂപീകരിക്കുന്നു.<br>• കുട്ടികളുടെ താൽപര്യത്തിനും അഭിരുചിക്കും അനുസരിച്ച് ഓരോ കുട്ടിയെയും ഏതെങ്കിലും ഒരു ക്ലബ്ബിൽ അംഗമാക്കുക.<br>• വിദ്യാർത്ഥികളിൽ നിന്ന് ഓരോ ക്ലബ്ബിന്റെ സെക്രട്ടറി ആകുന്നു. പകുതി ലീഡർമാർ.<br>• പെൺകുട്ടികളായിരിക്കുന്നു.<br>• ഓരോ ക്ലബ്ബുകളുടെയും ചാർജ് ഓരോ അധ്യാപകർക്ക് നൽകുന്നു.<br>• ഒരു വർഷത്തേക്കുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നു.<br>• ലീഡർമാർക്കുള്ള പരിശീലനം. | ജൂൺ | SRG |

## മേഖല : അപകടരഹിതമായ വിദ്യാലയ അന്തരീക്ഷം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * എല്ലാ കുട്ടികൾക്കും സ്കൂളിലും പരിസരത്തും അപകടരഹിതമായി കഴിയുവാൻ പറ്റിയ അന്തരീക്ഷം സൃഷ്ടിക്കുക.<br>• കുട്ടികൾക്ക് സ്കൂളിലോ പരിസരത്തോ വെച്ച് ശാരീരിക മാനസിക ദുരുപയോഗങ്ങളിൽ നിന്നുള്ള സംരക്ഷണം നൽകുക. | • സ്കൂൾ പരിസരത്ത് റോഡ് സുരക്ഷാ നിബന്ധനകൾ ഉറപ്പാക്കുക.<br>• റോഡ് സുരക്ഷാ മാർഗനിർദ്ദേശങ്ങളെ കുറിച്ച് കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുക.<br>• സ്കൂൾ പരിസരത്ത് പുറമെ നിന്നുള്ള വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് തടയുക.<br>• സ്കൂൾ പരിസരത്തുള്ള റോഡുകളിൽ ബാല സൗഹൃദ അന്തരീക്ഷം ഉറപ്പാക്കുന്ന ദിശാഫലകങ്ങളും സീബ്രാ ലൈനുകളും സ്ഥാപിക്കുക. | ജൂൺ - മാർച്ച് | SRG |

# മേഖല : ലഹരി വിമുക്ത സ്കൂൾ മേഖല

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * സീറോ ടോളറൻസ് ഉറപ്പു വരുത്തുക. | • സ്കൂളിന്റെ 100 മീറ്റർ ചുറ്റളവിൽ യാതൊരുവിധ ലഹരി വസ്തുക്കളും വിൽക്കുന്നില്ലെന്ന് ഉറപ്പു വരുത്തുക.<br>• ലഹരി വിരുദ്ധ സന്ദേശങ്ങൾ നൽകുക.<br>• കുട്ടികൾ, രക്ഷിതാക്കൾ സമീപത്തുള്ള വിൽപ്പനക്കാർ എന്നിവർക്ക് ബോധവൽക്കരണം നടത്തുക.<br>• സ്കൂൾ സുരക്ഷിത സ്കൂൾ മേഖല എന്ന ബോർഡ് ലഘു വിവരണ സഹിതം പ്രദർശിപ്പിക്കുക. | ജൂൺ- മാർച്ച് | SRG |

## മേഖല : ജൈവ വൈവിധ്യ ഉദ്യാനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * അറിവ് വളർത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും സഹായകമാകും വിധം ഉദ്യാനത്തെ ഒരു പാഠപുസ്തകമാക്കുക.<br>* പാരിസ്ഥിതിക അവബോധം വളർത്തുക. | * ഉദ്യാനത്തിന്റെ രൂപകൽപന, നിർമ്മാണം, പരിപാലനം എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.<br>* പ്രാദേശികമായി കാണപ്പെടുന്ന സസ്യങ്ങൾക്ക് പ്രഥമ പരിഗണന നൽകുക.<br>* സ്ഥലത്തിന്റെ സ്വാഭാവിക ഭൂമി പരിസ്ഥിതി നില നിർത്തുന്നു.<br>* പ്രാദേശിക വിഭവങ്ങളും വൈദഗ്ധ്യവും ഉപയോഗിച്ചുകൊണ്ട് നിർമ്മിതി<br>* ചെടികളുടെ വളർച്ച, സ്വഭാവം പരിഗണിച്ച് സ്ഥാനം നിർണ്ണയിച്ച് ചെടികൾ നടുന്നു.<br>* പക്ഷികൾക്ക് വേനൽ മാസങ്ങളിൽ ഉദ്യാനങ്ങളിൽ ജലപാത്രം വയ്ക്കുന്നു.<br>• ശലഭങ്ങളെ ആകർഷിക്കുന്നതിന് | ജൂൺ - മാർച്ച് | SRG |

സഹായകമായ ചെടികൾ നട്ട്
പിടിപ്പിക്കുന്നു.

- പ്രകൃതി സൗഹൃദ കൃഷി പരി-
പാലന രീതികൾ പിന്തുടരുന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ

വിഷയ ബന്ധിതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

## പഠന പ്രവർത്തനം പിന്നാക്കക്കാർക്ക്

നിലവാരത്തിനനുസരിച്ച് അക്ഷര കാർഡ്, പദ കാർഡ്, വായന കാർഡ്, സംഖ്യ കാർഡ് എന്നിവ നൽകുന്നു.

## സർഗാത്മക വേദ

കവിത, കഥ എഴുത്ത്, കല - പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ.

## വീട്, വിദ്യാലയം, സമൂഹം

Class PTA - കളിൽ ബോധവത്കരണ ക്ലാ... പകർച്ച വ്യാധികൾ, പകർച്ചപ്പനി, ലഹരി Mobile Addiction

## വീട്ടു ഗണിതം

പരിക്ഷണ ലാബ്, വീട്ടിൽ ഒരു ശാസ്ത്ര ലാബ്, കമ്പ്യൂട്ടർ പരിജ്ഞാനം

## വെല്ലുവിളികൾ

- സമയ ബന്ധിതമായി പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട്
- സാമ്പത്തിക ബുദ്ധിമുട്ട്.

## സമയ ക്രമം

സമയക്രമമനുസരിച്ച് പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാകുന്നു.